**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന് മുൻപ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര ബസ് സർവ്വീസുകളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കോവിഡിന് മുൻപ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 92 ബസ് സർവ്വീസുകളാണ് നടത്തിയിട്ടുള്ളത്. |
| (ബി) | നിലവിൽ ഈ ഡിപ്പോയിൽ നിന്ന് എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ ഈ ഡിപ്പോയിൽ നിന്ന് 60 സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ മറ്റ് ഡിപ്പോകളിൽ നിന്നും കോവിഡിന് മുൻപുള്ള ബസ് സർവ്വീസ് പുന:സ്ഥാപിച്ചപ്പോൾ കാസർഗോഡ് ഡിപ്പോയിലെ മാത്രം പുന:സ്ഥാപിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | 2021 മാർച്ച് മാസത്തിൽ കോവിഡ് മൂലമുള്ള നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കോർപ്പറേഷന്റെ എല്ലാ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. എന്നാൽ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് കർണ്ണാടക സർക്കാരിന്റെ തടസ്സമുള്ളതിനാൽ, മംഗലാപുരം അടക്കമുള്ള സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും, യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും പ്രസ്തുത |

| | | | |
|---|---|---|---|
| | | | പുനഃക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ക്ക് നല്ല വരുമാനം ഉണ്ടാക്കിതരുന്ന കാസർഗോഡ്-കണ്ണൂർ റ്റി. റ്റി. സർവ്വീസ്, മംഗലാപുരം-കാസർഗോഡ് റൂട്ട്, കാസർഗോഡ്-സുള്ള്യ, കാസർഗോഡ്-പുത്തൂർ എന്നീ സർവ്വീസുകൾ പ്രസ്തുത ഡിപ്പോയിൽ നിന്നും പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കാസർഗോഡ്-കണ്ണൂർ റൂട്ടിൽ കോവിഡ് വ്യാപനത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ ടൗൺ ടു ടൗൺ സർവ്വീസുകളും നിലവിലും കാസർഗോഡ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം കർണ്ണാടക സർക്കാർ മംഗലാപുരം, പുത്തൂർ, സുള്ള്യ തുടങ്ങിയ മേഖലകളിൽ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് കാസർഗോഡ് – മംഗലാപുരം, കാസർഗോഡ് - സുള്ള്യ, കാസർഗോഡ്-പുത്തൂർ എന്നീ സർവ്വീസുകൾ കോർപ്പറേഷൻ നിർത്തി വച്ചിരിക്കുന്നത്. കർണ്ണാടക സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ